www.deshabhimani.com



വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കെഎസ്എഫ്ഇ ജീവനക്കാർ ഒപ്പിട്ട നിവേദനം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് നൽകുന്നു

# കെഎസ്എഫ്ഇ ജീവനക്കാർ നിവേദനം നൽകി

തിരു: കെഎസ്എഫ്ഇ ജീവനക്കാർക്ക് പെൻഷൻ നടപ്പാക്കുക, ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ പ്രൊമോഷൻ അനുപാതം അഞ്ച് ശതമാനത്തിൽനിന്ന് പത്ത് ശതമാനമായി ഉയർത്തുക, ശമ്പള പരിഷ്കരണ ഉത്തരവിൽ വർക്ക്മെൻ ജീവനക്കാർക്ക് നഷ്ടപ്പെട്ട ആറുമാസത്തെ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, കെഎസ്എഫ്ഇ മാനേജ്മെന്റിന്റെ തൊഴിലാളിവിരുദ്ധ സമീപനം തിരുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കെഎസ്എഫ്ഇ ജീവനക്കാർ ഒപ്പിട്ട നിവേദനം മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് നൽകി.

സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദന്റെ നേതൃത്വത്തിലാണ് നിവേദനം നൽകിയത്. സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എസ് മുരളീകൃഷ്ണപിള്ള, ട്രഷറർ എസ് ശിവദാസൻ, സംസ്ഥാന ജോയിന്റ് സെക്രട്ടറി ആർ ഡി സന്തോഷ്കുമാർ, തിരുവനന്തപുരം ജില്ലാ സെക്രട്ടറി എം ഷുഖി അലി, തിരുവനന്തപുരം താലൂക്ക് കൺവീനർ ബി എസ് വിനോദ് എന്നിവരും ഒപ്പമുണ്ടായിരുന്നു.